MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു ഭാഗം എടുത്തുകളഞ്ഞിട്ടു അതിനെ നിയമപ്രകാരമാക്കണം.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഏതു നിയമപ്രകാരമാണു പിരിക്കേണ്ടതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക ഠ ട-ലെ ൪-ാം റഗുലേഷൻ അനുസരിച്ചുവേണം. അതിനെ സ്ഥിരപ്പെടുത്തണമെങ്കിൽ ഈ സെറ്റിൽമെൻറു എത്രയും വേഗത്തിൽ തീർക്കണം.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതു വിചാരിച്ചിരിക്കുന്നതുപോലെ എളുപ്പത്തിൽ തീരുന്നതാണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക ഠ ട-ലെ ൪-ാം റഗുലേഷൻ ജന്മിക്കും കുടിയാനും സങ്കടമാണെന്നു അന്നു പറഞ്ഞു. ജന്മിമാത്രമാണു അതിനെപ്പറ്റി പറഞ്ഞു എങ്കിൽ അതു മാറ്റി കിട്ടുകയില്ല. ജന്മിയും കുടിയാനും യോജിച്ചു മാറ്റണമെന്നു പറഞ്ഞപ്പോൾ അതിനു ശക്തിവന്നു. അതിനാൽ ക ഠ ട-ലെ ൪-ാം റഗുലേഷൻ അനുസരിച്ചു ഇനിയും നടപടി നടത്താമെന്നു നിയമം വരുമ്പോൾ ഈ സെറ്റിൽമെൻറു എത്രയും വേഗത്തിൽ തീരുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ക ഠ ട-ലെ റഗുലേഷൻ അനുസരിച്ചുള്ള നടപടിക്കും ഈ ബില്ലിനും എന്തു വ്യത്യാസമാണുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക ഠ ട-ലെ റഗുലേഷൻ അനുസരിച്ചു ജന്മിമാക്കു് നേരിട്ടു കരം പിരിക്കുവാനുള്ള അവകാശം കൂടുതലായി ഉണ്ടു. ഈ ബില്ലിൽ അതില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പിരിച്ചെടുക്കുന്ന സംഗതിയെ സംബന്ധിച്ചുമാത്രമാണൊ ക ഠ ട-ലെ റഗുലേഷൻ വേണമെന്നു പറയുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ക ഠ ട-ലെ റഗുലേഷൻ അനുസരിച്ചു കരം പിരിക്കുന്നതിനും ഈ ഭേദഗതിയനുസരിച്ചു പിരിക്കുന്നതിനും ഉള്ള വ്യത്യാസം എന്താണു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ക ഠ ട-ലെ റഗുലേഷൻ അനുസരിച്ചു കരം കൂടുതൽ കിട്ടുവാനുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഫ ൦ ൯ ഫ-ലെ റഗുലേഷൻ അനുസരിച്ചു പിരിക്കുന്നതിനുള്ള ഏതെങ്കിലും അധികാരത്തെ ഇതിൽ കൂറച്ചിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഇല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ചില കസ്റ്റമറി ഡ്യൂസുകൾക്കു പകരമായി ജന്മിക്കരത്തിൽ കൂട്ടിയിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഞങ്ങൾക്കു കിട്ടേണ്ട സംഖ്യ കുറഞ്ഞിട്ടുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഏതു സംഖ്യയിലാണു കുറച്ചിട്ടുള്ളതെന്നു് മെമ്പർ ഈ സഭയിൽ പറയണം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : പൊളിച്ചെഴുത്തവകാശത്തെ എടുത്തുകളഞ്ഞതുകൊണ്ടു് ആ ഇനത്തിൽ കിട്ടേണ്ട സംഖ്യ കുറഞ്ഞിട്ടുണ്ടു.

MR. K. P. NILAKANTA PILLAI (*Chirayinkil*): അതു് ആണ്ടുതോറും കൂടിവരികയല്ലെ ചെയ്യുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഫ ൦ ൯ ഫ-ലെ ൪-ാം റഗുലേഷൻ അനുസരിച്ചു ഈടായില്ലെങ്കിൽ അതിനു വേറെ മാർഗ്ഗം ഉണ്ടാക്കേണ്ടതാണു്. ഈ സെറ്റിൽമെൻറു് എളുപ്പത്തിൽ തീരാൻ വേണ്ടി മാത്രമാണു് ഈ വകുപ്പു് എടുത്തുകളയണമെന്നു പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മിച്ചവാരവും ജന്മിക്കരവും കൊടുക്കുന്നതിനെ സംബന്ധിച്ചു വ്യവസ്ഥ ചെയ്തിട്ടുള്ളതിനെ ഭേദപ്പെടുത്തണമെന്നു വിചാരിച്ചാണൊ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതെ. ഫസ്സു മുതൽ ഫവ്വ വരെയുള്ള വകുപ്പുകൾ ജന്മിമാക്കു് പിരിക്കുന്നതിനു അവകാശം കൊടുക്കുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : ഫ ൦ ൯ ഫ-ലെ റഗുലേഷൻ അനുസരിച്ചുള്ള അവകാശം വേണമെന്നൊ, വേണ്ടെന്നൊ അഭിപ്രായപ്പെടുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാക്കു കരം പിരിക്കാനുള്ള അവകാശം വേണ്ടാ.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതനുസരിച്ചു സെറിൽമെൻറ് തയ്യാറാക്കുന്നതുവരെ ജന്മിക്കു യാതൊന്നും വേണ്ടെന്നാണൊ പറയുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു വേണം. കൊടുക്കുന്നവർ കൊടുക്കട്ടെ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കിട്ടിയില്ലെങ്കിൽ സങ്കടമില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇതുകാലംവരെ മാതുമെ സങ്കടമുണ്ടാകുകയുള്ളു എന്നില്ലെ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതിനാൽ ഈ വകുപ്പു എടുത്തുകളഞ്ഞാൽ മതിയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മതിയാകുമെന്നാണ് എന്റെ ഉദ്ദേശം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*), ജന്മിമാക്ക് കരം ഈടാക്കുവാനുള്ള സൌകര്യമില്ലെങ്കിൽ കഴിയുന്നിടത്തോളം കുടിയാന്മാർ കരംകൊടുക്കാതെ താമസിപ്പിക്കുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങിനെ വരുമെന്നതോന്നുന്നില്ല. അങ്ങിനെ വരാൻ പാടില്ല എന്നുമില്ല. സെറിൽമെൻറ് എളുപ്പം തീരണമെന്നാണ് എന്റെ ഉദ്ദേശം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സെറിൽമെൻറു തീരുന്നതുവരെ ജന്മിമാക്ക് കൊടുക്കേണ്ട കരം കൊടുക്കണ്ട എന്നല്ലെ കുടിയാന്മാർ വിചാരിക്കുകയുള്ളു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സൌകര്യമുള്ളവർ കൊടുക്കും. തീരാത്ത സംഖ്യ കുടിശികയായി പിന്നീടു വാങ്ങിക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കരം കുടിശിക കിടന്നാൽ സാധുക്കളായ ജന്മിമാർ കഷ്ടപ്പെട്ടുപോകുമെന്നു പറഞ്ഞില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സെറിൽമെൻറു തീരുന്നതിനു ഇതു തടസ്സമായിരിക്കുന്നതാണു.

MR K. P. NILAKANTA PILLAI (*Chirayinkil*): ഇതു് ഇല്ലാതിരുന്നാൽ തടസ്സം ഉണ്ടാകുകയില്ലെ?

MR C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇതിനെപ്പറ്റിയുള്ള ഞങ്ങളുടെ ഉദ്ദേശത്തെ ഇവിടെ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. പുതിയ റഗുലേഷൻ അനുസരിച്ചു ജന്മിക്കരം കണക്കാക്കുന്ന അവസരത്തിൽ ജന്മിയും കുടിയാനും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതിനും പിരിവു മോശമാകുന്നതിനും ഇടയാകും. ഗവൺമെൻറ് ഒരു കണക്കു നിശ്ചയിച്ചു് അതനുസരിച്ചു് പിരിവു തുടങ്ങുന്നതായാൽ ജന്മിമാക്കു കിട്ടേണ്ടതു കിട്ടുന്നതാണു്. ജന്മിക്കരം തീർച്ചയാക്കുന്നതിനു രണ്ടും മൂന്നും കൊല്ലം താമസിക്കുന്നതു് വലിയനഷ്ടമാണു്. അതുകൊണ്ടാണു് ഫ ൦ ഫ-ലെ റഗുലേഷൻ അനുസരിച്ചു ജന്മിമാക്കു് പിരിക്കുന്നതിനു അധികാരം ഉണ്ടായിരിക്കണമെന്നു പറയുന്നതു്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അതുകൊണ്ടുള്ള ഗുണമെന്താണു്?

MR. N. RAMAN NAMPUTIRIPAD (*Co-opted*): പൊളിച്ചെഴുതാം. പാട്ടത്തിൽ കൂട്ടാം. ഇതൊക്കെയാണു് അതുകൊണ്ടുള്ള ഗുണങ്ങൾ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതൊന്നും പാടില്ലാ എന്നു് ഇവിടെ നിശ്ചയിച്ചുകഴിഞ്ഞതല്ലെ?

MR. N. RAMAN NAMPUTIRIPAD (*Co-opted*): കഴിയുന്നതും വേഗത്തിൽ ഈ ബില്ലു് നടപ്പാക്കുന്നതിനു് ഒരു പ്രേരകശക്തി ഉണ്ടാകുന്നതിനാണു് ഫ ൦ ഫ-ലെ ൪-ാം റഗുലേഷൻ അനുസരിച്ചു നടപടി നടത്തുന്നതിനു അധികാരംവേണമെന്നു് ഇവിടെ പ്രസ്താപിക്കുന്നതു്. അതു് നടപ്പിലിരിക്കുകയാണെങ്കിൽ ജന്മിക്കും കുടിയാനും തമ്മിൽ അവരുടെ ഇടപാടുകൾ നടത്താം. പുതിയ യാതൊരു വ്യവസ്ഥയുംവേണ്ട.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): സെറ്റിൽമെൻറ് രജിസ്റ്റർ ഉണ്ടാകുന്നതുവരെ ജന്മിമാക്കു് നിരാഹാരവ്രതം അനുകാമെന്നാണൊ വിചാരിക്കുന്നതു്?

MR. N. RAMAN NAMPUTIRIPAD (*Co-opted*): മനുഷ്യാതീതങ്ങളായ കാര്യങ്ങളെ ജന്മിമാർ ആശിക്കുന്നു എന്നു് വിചാരിക്കുന്നതു് ദോഷത്തമാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, May I speak in Malayalam?

DEPUTY PRESIDENT: Yes, if you think it would be better.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഞാൻ ഈ അമൻറുമെൻറിനെ എതിർക്കുന്നു. അതിൻെറ പ്രധാനകാരണം ഈ അമൻറ്മെൻറു പാസായിപ്പോകുമെങ്കിൽ ഇപ്പോഴിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന റഗുലേഷൻ തന്നെ ഉദ്ദേശിതത്തിലിരിക്കുമെന്നുള്ളതാണ്. ജന്മി മെമ്പർ ഇവിടെ പറയുന്ന കാര്യങ്ങളൊന്നും ഈ അമൻറ്മെൻറുകൊണ്ട് സാധിക്കുകയില്ല. വിശേഷിച്ചും ഈ ഭേദഗതി ഈ ഭാഗത്തു് യോജിച്ചതല്ല. ഗവണ്മെൻറിൽ നിന്നും ജന്മിക്കരം പിരിച്ചുകൊടുക്കാമെന്നു് ഏറ്റിട്ടുണ്ടു്. അങ്ങനെ വേണ്ടെന്നാണു് ഈ അമൻറുമെൻറു് കൊണ്ടു നിർദ്ദേശിക്കുന്നതു്. അതിലേക്കു പ്രത്യേകം അമൻറുമെൻറു കൊണ്ടുവരണം. അങ്ങിനെ ഒരു അമൻറ്മെൻറു കൊണ്ടുവരുവാൻ മി. ഇപ്പൻനമ്പൂതിരിപ്പാടു ഉദ്ദേശിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണു്. അതിനു ആവശ്യമുള്ള സമയമില്ലെന്നു പറഞ്ഞു ഞാൻ അമൻറു് മെൻറിനെ ആക്ഷേപിക്കുകയില്ല. ആ അമൻറുമെൻറ് അവതരിപ്പിക്കേണ്ട സ്ഥാനത്തു അവതരിപ്പിക്കണമെന്നേയുള്ളൂ.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) ഗവണ്മെൻറിനു അതിൽ എന്താണു് തക്കമുള്ളതു്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ഒരു അമൻറ്മെൻറ് വരുമ്പോഴാണല്ലോ അതിനെപ്പറ്റിപ്പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ പറയാൻ സാധിക്കുകയില്ല. ഈ അമൻറുമെൻറു കൊണ്ടു മിസ്റ്റർ ഇപ്പൻനമ്പൂതിരിപ്പാടു് ഉദ്ദേശിച്ചകാര്യം സാധിച്ചില്ലെന്നുമാത്രമല്ല കുടിയാന്മാരിൽനിന്നും കരം പിരിച്ചെടുക്കാൻ ജന്മിമാക്കു് സാധിക്കാതെവരും. ഗവണ്മെൻറ് ഈ ജന്മിക്കരം പിരിച്ചു തുടങ്ങുന്നതിനു് ഒരു ആറുമാസംവേണ്ടിവരും എന്നുവയ്ക്കുക. ഈ ആറുമാസത്തിനകത്തുള്ള കരംപിരിക്കുന്നതെങ്ങിനെ. കുടിയാന്മാർ കൊടുക്കുന്നെങ്കിൽ മാത്രമെ ജന്മിമാക്കു് കരം കിട്ടുകയുള്ളൂ. കൊടുത്തില്ലെങ്കിൽ കുടിയാൻറെ പേക്കു് വ്യവഹാരപ്പെടാൻ ഈ അമൻറുമെൻറ് പാസാകുന്നു എങ്കിൽ ജന്മിക്കു് അവകാശമില്ലാതെ വരുന്നു. ജന്മിക്കരം ഇത്രയാണെന്നു് ഗവണ്മെൻറിൽനിന്നും തീർച്ചയാക്കുന്നതുവരെ വെറുതെ ഇരുന്നുകൊള്ളാമെന്നാണൊ ഉദ്ദേശിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഒരു ക്ലിപ്തസമയത്തിനകം ഗവണ്മെൻറു അതു ചെയ്യുമെങ്കിൽ വ്യവഹാരം കൂടാതെതന്നെ കാര്യം സാധിക്കുന്നതാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): എന്നാൽ അങ്ങിനെ ഒരു അമെൻറമെൻറ് കൊണ്ടു വരണം. വ്യവഹാരത്തിൻറെ ആവശ്യമില്ല. കരം ഞങ്ങൾക്കു് തരുന്നെങ്കിൽ അതു് വാങ്ങിക്കൊള്ളാം എന്നു് നിർദ്ദേശിക്കുന്ന ഒരു അമൻറുമെൻറ് കൊണ്ടു വരണം. അല്ലാതെ ഈ അമൻറുമെൻറ് കൊണ്ടു് മെമ്പ-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

റിന്റെ ഉദ്ദേശം സാധിക്കുകയില്ല. ഗവണ്മെൻറ് ജന്മിക്കരം പിരിക്കുന്നതിനു തുടങ്ങുന്നതുവരെ ജന്മിമാർക്ക് വ്യവഹാരം കൊടുക്കുന്നതിനുള്ള അവകാശം വേണ്ടാ എന്ന് ജന്മിഭാഗത്തു നിന്നും ഒരു അമൻറ്മെൻറ കൊണ്ടുവരണം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇതുകാലത്തിനകം ഈ സെറ്റിൽമെൻറ് തീർത്തു ജന്മിക്കരം പിരിവു ഏറ്റുകൊള്ളാമെന്ന് ഒരു അമൻറുമെൻറുകൊണ്ടു വരുവാൻ സാധിക്കുമെങ്കിൽ വ്യവഹാരം കൊടുക്കേണ്ടതില്ല. ജന്മിക്കരം പിരിക്കാനുള്ള അവകാശം ഗവണ്മെൻറിന്റെ അവകാശമായിട്ടു അമൻറുമെൻറുകൊണ്ടുവരണം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെ ഒരു അമെൻറുമെൻറു കൊടുത്തിട്ടുണ്ട്. അതിൽ വീണ്ടും ഭേദഗതിവേണമെങ്കിൽ വേറെകൊണ്ടു വരണം . ഈ അമൻറുമെൻറു പാസായാൽ ർ ൦ –ാംവകുപ്പു റദ്ദു ആകുന്നതാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതുകൊണ്ട് ഫ ന്യ-൦ ഫ ൧ –൦ വകുപ്പുകൾകൂടി തള്ളിപ്പോകുന്നതാണൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇല്ല. ർ ൦ –ാം വകുപ്പിൻ പ്രകാരം ജന്മമാർക്കു കരംപിരിക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നു. ആ അവകാശം വേണ്ടാ എന്നുണ്ടെങ്കിൽ അതിലേക്ക് വഴിയുണ്ടാക്കാം. ഈ അമൻറുമെൻറുകൊണ്ട് ആ കാര്യം സാധിക്കുകയില്ല. അതിനാൽ ഞാൻ ഈ അമൻറുമെൻറിനെ എതിർക്കുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ അമൻറുമെൻറു അവതരിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സംഗതികൾക്കു വേറെ വിധത്തിൽ നിവൃത്തിയുണ്ടാക്കാമെന്നു ലാമെമ്പർ പ്രസ്താവിക്കുന്നതുകൊണ്ട് അങ്ങിനെ ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാമെന്ന് വിചാരിച്ചുകൊണ്ടു ഞാൻ ഈ അമൻറ്മെൻറിനെ പിൻവലിച്ചുകൊള്ളുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ ഒരു ധാരണയോടു കൂടിമാത്രം ഈ അമൻറ മെൻറിനെപിൻവലിക്കണമെന്നില്ല. ജന്മിഭാഗത്തുനിന്നുള്ള അഭിപ്രായത്തെ സാധിക്കുന്നതിനു വേണ്ടതു ചെയ്താൽ അതുനെസ്സീകരിക്കാമെന്നു മാത്രമാണ് ഞാൻപ്രസ്താവിച്ചിട്ടുള്ളതു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ലാമെമ്പർ ഇവിടെ പ്രസ്താവിച്ചതു പിന്നീട് ചെയ്കയില്ല എന്നുദ്ദേശിച്ചിട്ടില്ല, അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമെന്നുദ്ദേശിച്ചു തന്നെയാണ് പിൻവലിക്കാമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങനെ ഞാൻ സമ്മതിച്ചതു കൊണ്ടുമാത്രം ഈ അമൻറുമെൻറിനെ പിൽവലിക്കേണ്ട ആവശ്യമില്ല. ഈ അമൻറുമെൻറു പാസായാലും ഫലമില്ല എന്നു പറഞ്ഞു തരേണ്ട ചുമതല എനിക്കുള്ളതുകൊണ്ടാണു് ഞാൻ അങ്ങിനെ പറഞ്ഞതു്. ഇതിനെ വോട്ടിനിടണമെങ്കിൽ അങ്ങിനെ ചെയ്യാം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ അമെൻറു മെൻറിനെ വോട്ടിനിട്ടു തീരുമാനിക്കണമെന്നു എനിക്കു അഭിപ്രായം ഉണ്ടെങ്കിലും എൻെറ ഭേദഗതിയെ ഞാൻ പിൻവലിക്കുന്നു.

The amendment was, by leave, withdrawn.

The following amendments were not moved;

MR. A. NARAYANA PILLAI: Section 16

Delete.

MR. A. NARAYANA PILLAI Section 17, sub-section (4):

Substitute the following for the existing sub-section:—

"The Jenmikaram shall be payable only in money and arrears of the same shall bear simple interest at the rate of 9 per cent. per annum."

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, I beg to move the following amendment:

Section 17, sub-section (4):

Add the following at the end of the sub-section—

"and at the rate of six per cent. per annum if it is collected or recovered by our Government under the provisians of Chapter IV."

Sir, Section 17, sub-section (4), as it stands says."

"an arrear shall bear simple interest at the rate of 9 per cent. per annum when it is payable in money or in paddy."

Now, Government have undertaken to collect the dues of Jenmis under the Revenue Recovery Regulation. Chapter IV is drafted for the purpose. The Jenmi is at a very great advantage with regard to that matter and when he is assured of speedy realisation and when the machinery of Government is available to him for collecting it, it is only proper that he should not be given more than 6 per cent. interest on the arrears realised. So I have brought forward the amendment for the consideration of this House.

MR K. P. ABRAHAM (*Muvattupuzha* cum *Todupuzha*): I second it.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറിൽ നിന്നും ഈ കരം പിരിവു് ഏറ്റാൽ കരക്കുടിശ്ശികവരുന്നതെങ്ങിനെ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നടപടിക്രമം എല്ലാം പൂർത്തിയായി വരുമ്പോൾ രണ്ടും മൂന്നും മാസം താമസിച്ചുപോകും. അതിനിടക്കുള്ള കരം കുടിശ്ശിക വരും.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറുകരംഇള വാക്കുന്ന അവസരത്തിൽ ജന്മിക്കരവും ഇളവാക്കുകയില്ലെ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ ചെയ്യാൻ പലിശവേണ്ടെന്നാണോ പറയുന്നത് ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കരം പിരിയാതെ ബാക്കി വരാനുള്ള കാരണമെന്താണ്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കാരണം പറഞ്ഞു കഴിഞ്ഞതാണ്. റവന്യൂറക്കവറി റെഗുലേഷൻ പ്രകാരം പബ്ലിക്ക് റവന്യൂവിന് ആറുശതമാനം പലിശമാത്രമേയുള്ളു. ആസ്ഥിതിക്ക് ജന്മിമാക്ക് ഗവണ്മെൻറിൽ നിന്നും പിരിച്ചുകൊടുക്കാമെന്നു ഏർപ്പെടുന്ന ഈ അവസരത്തിൽ അവക്ക് മുക്കാൽ വീതം പലിശകൊടുക്കണമെന്ന് പറയുന്നത് ശരിയല്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറ് കരം പിരിയുകയും ജന്മിമാരുടെ കരം പിരിയാതെ വരികയും ചെയ്യുമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അത് അറിഞ്ഞുകൂടാ. ഗവണ്മെൻറിൽ നിന്നും പിരിച്ചു കൊടുക്കുന്നതുകൊണ്ട് അരപ്പലിശയിൽ കൂടുതൽ കൊടുക്കാൻ പാടില്ല എന്നെ എനിക്കഭിപ്രായമുള്ളു.

MR. K. P. ABRAHAM (*Muvattupuza* cum *Todupuzha*): ഗവണ്മെൻറ് പിരിക്കുന്നത് റവന്യൂറക്കവറി റെഗുലേഷൻ പ്രകാരമല്ലെ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതെ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഞാൻ ഈ അമൻറുമെൻറിനെ എതിർക്കുന്നു. അരപ്പലിശ എന്നു പറയുന്നത് ശരിയായിട്ടുള്ളതല്ല. ഒരു പലിശതന്നെ കിട്ടണം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈ ഒരു പലിശ വേണമെന്നു പറയുന്നത് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ അരപ്പലിശ കണക്കാക്കിയതു ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു പറഞ്ഞാൽ ഒരു പലിശയുടെ തത്വത്തെപ്പറ്റി പറയാം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിമാരന്മാർ ഈ പലിശക്രമത്തെ ആക്ഷേപിക്കുന്നതുകൊണ്ടു ഗവണ്മെൻറിനു ഈ ഭേദഗതിയെ അനുകൂലിക്കാൻ നിവർത്തിയില്ല. മൂന്നു ശതമാനത്തെപ്പറ്റി മാത്രമേ ഇവിടെതർക്കമുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഒരു പണം വീതമുള്ള പലിശവേണമെന്നാണു പറയുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഏതായാലും ജന്മിമെമ്പറന്മാർ അതിനെ ആക്ഷേപിക്കുന്നതുകൊണ്ടു് ഗവണ്മെൻറു് ജന്മിഭാഗത്തെ അനുകൂലിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): സക്കാരിൽനിന്നും പിരിക്കുന്നതിനു് അരപലിശയാണൊ നിശ്ചയിച്ചിരിക്കുന്നതു്?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതെ! എന്നാൽ ഒൻപതുശതമാനം പലിശവേണമെന്നു് പറയുന്നതുകൊണ്ടു ഗവണ്മെൻറിനു് അതിനെ താങ്ങേണ്ടിയിരിക്കുന്നു.

MR. JOSEPH KUNJU (*Changanachery* cum *Peermad*): ഇപ്പോൾ ഇവിടെ കൊണ്ടുവന്നാട്ടുള്ള ഭേദഗതി ന്യായമാണെന്നു ഗവണ്മെൻറു് സമ്മതിക്കുന്നുണ്ടൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ജന്മിമാർ സമ്മതിക്കുന്ന എങ്കിൽ ന്യായംതന്നെ.

MR. A. THANU PILLAI (*Trivandrum*): ഗവണ്മെൻറിനു കുടിയാന്മാരെ താങ്ങുവാൻ പാടില്ലേ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar vakil*): കുടിയാന്മാരെയും താങ്ങുന്നുണ്ടു്.

ജന്മിമാർ ഈ പലിശക്രമത്തെപ്പറ്റി ആക്ഷേപിക്കുന്നതുകൊണ്ടു ഈ അമൻറുമെൻറിനെ ഞാൻ എതിർക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*): I support the amendment of Mr. Asan. In view of the fact that the collection has been made very easy for the jenmis by the application of the Revenue Recovery Regulation, and in view of the fact that by applying the Revenue Recovery Regulation, even the movables of the Kudiyans are likely to be restrained—all these things are provided under this Regulation—the six per cent. suggested by Mr. Asan is a very reasonable percentage. To support this statement, I will read the corresponding passage in the Malabar Tenancy Bill.

> "The arrears of renewal fee are payable with interest at a fixed rate and arrears of rent or michavaram are payable at the contract rate at the time of a renewal under Section 24 (2). Interest at 6 per cent. per annum is allowed on further instalments of renewal fee under Sectin 25 (2) in case of default in regular payment."

Therefore it is clear from this, we have gone in advance. We have also to bear in mind that in Malabar, the machinery provided for realising revenue is not the same as is in Travancore. The existing rules in Travancore are modified to a great extent in favour of jenmis. This is not the case in Malabar. In Travancore, jenmis are given every convenience by Government. The whole Government machinery is left at their disposal. Under the circumstances, I do not understand

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

the logic of the jenmi members' opposition. The tenants are magnanimous enough to allow six per cent. even under the existing Regulation. With these words I support the amendment.

MR. N. RAMAN NAMPUTIRIPAD (*co-opted*): ഈ റഗുലേഷൻ ജന്മിമാരുടെ ഏതെല്ലാം അവകാശങ്ങളെ വിട്ടുകളഞ്ഞിട്ടാണ് സമ്മതിക്കപ്പെട്ടിട്ടുള്ളത് എന്ന സംഗതി തീരെ വിസ്മരിച്ചാണ് ഇവിടെ പ്രവർത്തിച്ച കാണുന്നതു.

MR. K. P. NILAKANTA PILLAI (*Chirayinkil*): ജന്മിമാരുടെ ഏതെല്ലാം അവകാശങ്ങളെയാണ് അവർ വിട്ടിട്ടുള്ളത്?

MR. N. RAMAN NAMPUTIRIPAD (*co-opted*) പൊളിച്ചെഴുതുവാനും പാട്ടം കൂട്ടുവാനും ഉള്ള അവകാശം ജന്മിമാർ വിട്ടിട്ടുണ്ട്.

MR. K. P. NILAKANTA PILLAI (*Chirayingil*): അതെല്ലാം കൂടിച്ചേർത്തു റിന്യൂവൽ ഫീസ്സായി കിട്ടുമെല്ലൊ?

MR. N. RAMAN NAMPUTIRIPAD (*co-opted*): ഏതെല്ലാം അവകാശങ്ങളാണ് വിട്ടിട്ടുള്ളതെന്ന് ഒരു ലിസ്റ്റ് വേണമെങ്കിൽ ഞാൻ തരാം. ജന്മിമാർക്ക് ഗുണകരമായ പല സംഗതിയും അവർ ഉപേക്ഷിച്ചിട്ടുണ്ട്. ആ അവസരത്തിൽ ഈ സംഗതികളെപ്പറ്റി നല്ലവണ്ണം ആലോചിച്ച ശരിയായ ഒരു അറേഞ്ച്മെന്റു വരുത്താമെന്നും ജന്മിമാർക്കു ഇന്നു കിട്ടിവരുന്നതുകയിൽനിന്നും വളരെ കുറയാത്ത ഒരു തുക മേലും അവർക്കു കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യാമെന്നും പറഞ്ഞിട്ടുണ്ട്. ആ സംഗതികളെല്ലാം സിലക്ട് കമ്മിറ്റിയും സ്വീകരിച്ചിട്ടുണ്ടായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Katikapalli*): ഒരു കേസുകൊടുത്തു വിധിച്ചതിനുശേഷം ആ തുകക്കു എന്തുപലിശ അനുവദിച്ചു കിട്ടുന്നു എന്നറിയാമൊ?

MR. N. RAMAN NAMPUTIRIPAD (*co-opted*): അരുപ്പണമാണു വിധിച്ചശേഷമുള്ള പലിശ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈ തുക കേസുകൊടുക്കാതെ കിട്ടുന്നസ്ഥിതിക്കു അതിനു അരുപ്പണ പലിശ പോരാ എന്നുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jennies*): ഒരു പണംവീതം പലിശ തന്നുകൊള്ളാമെന്നു സമ്മതിച്ചു പത്രത്തിൽ എഴുതികൊടുത്തതിനെപ്പറ്റി കേസുകൊടുത്താൽ അരുപ്പലിശയേ കിട്ടുകയുള്ളൂ?

MR. A. THANU PILLAI (*Trivandrum*): റവന്യൂ റക്കവറി റഗുലേഷൻ പ്രകാരം നടപടി നടത്തിക്കഴിഞ്ഞാൽ അതു വിധിനടത്തി എടുക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ അല്ലേ അതിനു അരപ്പലിശ അല്ലെകിട്ടുന്നതു. അതനുസരിച്ചുനോക്കിയാൽ അതിൽക്കൂടുതൽ പലിശവേണമെന്നു പറയുന്നതു ന്യായമാണോ ?

MR. N. RAMAN NAMPUTIRIPAD (*co-optee*): ജന്മിമാരുടെ കരം മുടക്കിയാൽ നെല്ലാണെങ്കിൽ ഒന്നരവീതവും പണമാണെങ്കിൽ ഒന്നു വീതവും പലിശകിട്ടണമെന്നാണ് മുമ്പുവച്ചിട്ടുള്ളതു്. ആ അവകാശത്തെ വിട്ടുകളഞ്ഞിട്ടു അരപ്പണംവീതം വാങ്ങികൊള്ളണമെന്നു പറയുന്നതു വളരെ നഷ്ടമായിട്ടുള്ളതാകയാൽ ഈ ഭേദഗതിയെ എനിക്കു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I have nothing more to add. I press this amendment to a division.

DEPUTY PRESIDENT : The amendment is, to add at the end of Section 17, sub-section. (4) the following: –

"and at the rate of six per cent. per annum if it is collected or recovered by Our Government under the provisions of chapter IV."

Those who are in favour of the amendment please raise their hands.

The amendment was put and carried.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) : Sir, demand a poll.

A poll was taken with the following result :–

AYES—21.

1	Mr.	K. P. Abraham	12	Mr.	S. Krishna Pillai
2	,,	S. Chattanatha Karayalar	13	,,	K. Kunjukrishna Pillai
3	,,	A. S. Damodaran Asan	14	,,	K. Madhavan Pillai
4	,,	K. Gopalakrishna Pillai	15	,,	K. P. Madhavan Pillai
5	,,	M. Govindan	16	,,	M. P. Madhavan Pillai
6	,,	Joseph Kunju	17	,,	P. S. Mahomed
7	,,	K. C. Karunakaran	18	,,	M. N. Narayana Menon
8	,,	K. P. Kochukora Tarakan	19	,,	K. Narayanaperumal Nadar
9	,,	K. Krishnan Nayar	20	,,	A. Narayana Pillai
10	,,	E. V. Krishna Pillai	21	,,	A. Thanu Pillai
11	,,	N. K. Krishna Pillai			

NOES—17.

1	Mr.	R. Dhanukoti Pillai	10	Mr.	Kayalm Paramesvaran Pillai
2	,,	K. George	11	,,	S. C. H. Robinson
3	,,	A. Kumara Pillai	12	,,	C. N. Srirengantha Sastri
4	,,	C. O. Madhavan	13	,,	J. S. Westerdale
5	,,	E. G. McAlpine	14	,,	Rama Varma Raja
6	,,	B. Narayana Pillai	15	,,	C. N. Tuppan Namputiripad
7	,,	N. Nilakanta Pillai	16	,,	C. P. Bhattathiri
8	,,	R. Nilakanta Pillai	17	,,	N. Raman Namputiripad
9	,,	N. K. Padmanabha Pillai			

LIBRARY ARCHIVES Kerala Legislative Assembly

The amendment was declared carried.

The following amendment was not moved :—

"Mr. A. Narayana Pillai : Section 18.

Delete".

MR. S. KRISHNA PILLAI (*Karunagapalli*) : I beg to move the following amendment, subject to some modifications which I shall explain presently.

In view of some of the alterations that have been made, and in view of the discussions we have had yesterday and the day before, I may be permitted to make a small amendment in this clause. This is my amendment in the place of amendment No. 29 in the list.

"Where jenmikaram or any portion of it, consists of paddy, the kudiyan shall be entitled to pay, in money, the value of such paddy, at the commutation rates fixed under the provisions of Section 46".

Section 46 is the Section which directs the method or mode of fixing the price of paddy. We will leave the question as to how the price of paddy has to be fixed ; and that may be determined when we consider Section 46. It is in view of such an understanding I have withdrawn some of the previous amendments during the last session of the Council. In order that we may not complicate matters I beg permission to modify my amendment as suggested above.

For the information of the House I shall read Section 46 as is found in the old Bill.

"Our Government may, for the purpose of this Regulation and after following the procedure prescribed in accordance with the rules to be passed by Our Government after previous publication, fix the commutation rate for paddy or other commodities payable by the Kudiyan and publish the same in Our Government Gazette".

This is the Section under which the rate of paddy, to be paid by the Kudiyan has to be fixed. There are various places where this question comes up. We have stated that this question may be reserved for consideration under Section 46 and I believe, that will simplify matters. Hence I propose to move this amendment if the Chair would give me permission.

DEPUTY PRESIDENT : Is it in view of the settlement that was once arrived at, you submit that the consideration of this question be postponed with the proposed modification.

MR. S. KRISHNA PILLAI (*Karunagapalli*) : Yes Sir. Whatever might be decided, either as a fixed rate or in accordance with the decision of the Committee to be appointed, let us alter it and say, we shall abide by the decision that will be arrived at under Section 46. Hence I propose to move the amendment with your leave, Sir.

DEPUTY PRESIDENT : Please explain that to the Jenmi Members in Malayalam.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*): They say they understand the points I have suggested.

DEPUTY PRESIDENT: In the circumstances stated, I allow the amendment proposed by Mr. S. Krishna Pillai, to be made now.

MR. S. KRISHNA PILLAI (*Karunagapalli*): I beg to move the amendment:—

"Wherever jenmikaram, or any portion of it, consists of paddy the kudiyan shall be entitled to pay in money, the value of such paddy at the commutation rates fixed under the provisions of Section 46".

I have only a word to submit in support of the amendment. Our attempt has throughout been to avoid as much as possible payment in kind. The jenmi members also have accepted that principle, and no payment in kind is being made by the kudiyans. So far as I have been able to see, the difficulty is that, we have to arrive at a fixed rate for the purposes of commutation, and that has been discussed at length. I find from the provisions of the Bill that Section 46 will have to deal with that question. Therefore, instead of bringing up this matter at this stage, I have to say that the commutation rate of paddy might be fixed under Section 46. We have some of the on-coming Sections which say that the price of jenmikaram, whenever it is in paddy, shall be paid and compelled to be paid in money. Both the jenmis and kudiyans agree that it shall be transacted in money. If that is so, then the commutation rate shall have to be paid by the kudiyan only in money; and only under certain special circumstances that mode may have to be altered. It is in view of these I move the amendment for the acceptance of the House.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): I second it.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If the jenmis have no objection, I also have no objection.

DEPUTY PRESIDENT: Anybody desiring to speak on the amendment, please.

The amendment was accepted.

MR. M. GOVINDAN (*Nominated*): In that case, what I submit in this connection is, Section 46 as is found in the printed list might become some other Section.

MR. K. KUNJUKRISHNA PILLAI (*Quilon*): I rise to a point of order.

DEPUTY PRESIDENT: Mr. Krishna Pillai has explained the circumstances under which he has to modify the amendment. The non-official members might remember that an attempt was sought to be made as regards reduction of the rate to be fixed by a committee. Hence, to see that matters are not complicated further, Mr. Krishna Pillai has brought finally the amendment just now read to the House. He has put it there; may be the number of the Section is vague; it may not be Section 46 in the end. When we come to that Section, that also will be taken into consideration then and necessary changes made.

LIBRARY ARCHIVES Kerala Legislative Assembly

[Deputy President.]

Under the circumstances, Mr. Krishna Pillai, do you want to make any alteration in the wording of the amendment?

MR. M. GOVINDAN (*Nominated*): I only wanted to suggest that Mr. Krishna Pillai's own object would be gained better, if instead of the amendment he suggests now, it is stated *"as hereinafter provided"*, without being specific.

MR. K. KUNJUKRISHNA PILLAI (*Quilon*): What Mr. Govindan says now is off the point. I want a ruling on the point. Mr. Krishna Pillai's amendment has been accepted by the jenmi members as well as the whole House. To go back on the decision arrived at is entirely out of order.

DEPUTY PRESIDENT: Every member has a right to make his own observations on the matter in issue.

MR. K. KUNJUKRISHNA PILLAI (*Quilon*): Of course, when an amendment *is under discussion*, Mr. Govindan's suggestions would then be proper. But when once the amendment has been passed by the House, to go back upon that, is certainly improper. It is on that that I want a ruling from the Chair.

DEPUTY PRESIDENT: Mr. Govindan was only putting a suggestion to Mr. Krishna Pillai's amendment.

MR. S. KRISHNA PILLAI (*Karunagapalli*): Section 46 may become Section 56.

MR. M. GOVINDAN (*Nominated*): I did not say Section 56 or any other number. My own impression is that "hereinafter provided" would be better, for his own purpose.

DEPUTY PRESIDENT: That is only a suggestion made. Have you anything to say as regards the amendment?

The amendment now before the House is

> "Where the jenmikaram or any portion of it consists of paddy, the kudiyan shall be entitled to pay in money the value of such paddy at the commutation rates fixed under the provisions of Section 46".

The amendment was put to the vote of the House and carried.

DEPUTY PRESIDENT: Clause VII with Mr. Asan's amendment to Section 17, sub-section (4) fixing six per cent per annum and the amendment of Mr. S. Krishna Pillai as regards the price to be fixed under Section 41, I put this to the House whether it does form part of the Bill.

The question that clause VII as amended do stand part of the Bill was then put and carried.

The clause was added to the Bill.

Clause VIII.

The question that clause VIII do stand part of the bill was then put and carried.

The Clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause IX.

The question that Clause IX do stand part of the Bill was then put and carried.

The Clause was added to the Bill.

Clause X.

The question that Clause X do stand part of the Bill was then put and carried.

The Clause was added to the Bill.

Clause XI.

MR. A. NARAYANA PILLAI (*Vaikam*) : I move that Section 26 (*a*) be deleted. It reads thus:—

"It shall be competent to the jenmi of any holding, without prejudice to any other right of action that he may have, to make an application to the Tahsildar of the taluk in which the holding is situated to recover the arrears of any jenmikaram in respect of that holding."

MR. A. NARAYANA PILLAI (*Vaikam*): ര 0-ാം വകുപ്പിൻപ്രകാരം ഗവണ്മെൻറു കരം പിരിച്ചുകൊടുക്കാമെന്നുള്ള ഭാരംമുഴുവൻ കയ്യേൽക്കാമെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു ഒരു അപേക്ഷ വാങ്ങിച്ചുകൊണ്ടു പ്രത്യേകം പിരിച്ചുകൊടുക്കാമെന്നു ഒരു വ്യവസ്ഥ ചെയ്യേണ്ടതാവശ്യമില്ല. ര 0 എ. വകുപ്പുംപ്രകാരം മുഴുവൻ കരവും പിരിച്ചുകൊടുക്കാമെന്നു ഗവണ്മെൻറു സമ്മതിക്കുന്നതുകൊണ്ടു വന്ന എ. വകുപ്പു ആവശ്യമില്ലെന്നാണെന്റെ അഭിപ്രായം.

For want of seconding the amendment was lost.

The question that Clause XI do stand part of the Bill was then put and carried.

The Clause was added to the Bill.

Clause XII.

MR. A. NARAYANA PILLAI (*Vaikam*) : ജന്മിക്കരം പിരിച്ചുകൊടുക്കാമെന്നു ഗവണ്മെൻറു സമ്മതിക്കുന്നതുകൊണ്ടു പ്രത്യേകം ഒരപേക്ഷ കൊടുക്കണമെന്നുള്ള വകുപ്പു് ആവശ്യമില്ല. അതുകൊണ്ടു ര 0-ാം വകുപ്പു് എടുത്തുകളയണമെന്നാണു് എന്റെ അഭിപ്രായം.

DEPUTY PRESIDENT : Will it not be better for the Law Member to explain as to when such applications are intended to be made?

MR. KAYALAM PARMESVARAN PILLAI (*Additional Head Sirkar Vakil*) : ജന്മിക്കരം പിരിച്ചുകൊടുക്കാമെന്നു് ഗവണ്മെൻറു് ഏറ്റിട്ടുണ്ടു്. അതിനു് ശരിയായറിക്കാർഡു് വേണം. കണ്ടെഴുത്തിൽ റിക്കാർഡു് ഉണ്ടാക്കുമ്പോലെ ജന്മിക്കരത്തെ സംബന്ധിച്ചും ആവക വസ്തുക്കളിൽ കണ്ടെഴുത്തുനടത്തി രജിസ്റ്റർ തയ്യാറാക്കണം. അതിലേക്കു് ഒന്നും രണ്ടും കൊല്ലം വേണ്ടിവരും. അതുവരെയുള്ള ജന്മിക്കരം കുടിയാന്മാരിൽ നിന്നും ഈടാക്കി എടുക്കുന്നതിനും കൊടുക്കുന്നതിനും ചില വ്യവസ്ഥകൾവേണം. അതിലേക്കാണു് വന്ന-ാം ര ഒ-ാം വക

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

പുകം ചേർത്തിരിക്കുന്നതു്. ഇതനുസരിച്ചു് ഇന്നാരിൽനിന്നും ഇന്ന തുക ഈടാക്കത്തരണമെന്നു് ജന്മി ഒരപേക്ഷകൊടുത്താൽ ഉടനെ ആ തുക ഈടാക്കിത്തരുന്നതാണു്. അങ്ങിനെ ഒരുവ്യവസ്ഥയില്ലെങ്കിൽ കുടിയാനു കൊടുക്കുന്നതിനൊ ജന്മിക്കു് വാങ്ങിക്കുന്നതിനൊ നിവൃത്തി യില്ല.

MR. A. NARAYANA PILLAI (*Vaikam*) എല്ലാജന്മിമാക്കും ഇതുമാതിരി ചെയ്യാമെന്നാണൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതെ, റവന്യൂറക്കവറി റഗുലേഷൻപ്രകാരം ഈടാക്കിത്തരണ മെന്നു് അപേക്ഷകൊടുത്താൽ ആ തുക ഈടാക്കിത്തരും. ബിൽ ഇന്നു ചട്ടമായാൽ നാളേമുതൽ അങ്ങിനെ ചെയ്യാവുന്നതാണു്. അതിനെ മാ റി ഗവണ്മെൻറു പരിവ്ഭാരം എടുക്കുന്നതായാൽ അപേക്ഷകൊടു ക്കേണ്ട. അതിലേക്കു് മറെറാരുവകുപ്പു് ചേർത്തിരിക്കുന്നു. അപേക്ഷ കൊടുക്കാമെന്നുള്ള വകുപ്പോടുകൂടി റഗുലേഷൻ പാസായാൽ പാസാക്കു ന്നതുമുതൽ ഈടാക്കിത്തരും. ഗവണ്മെൻറ് ഏറെറടുത്താൽ അപേക്ഷ കൊടുക്കേണ്ട.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): ഒരു വകുപ്പുമാത്രമാണെങ്കിൽ അപേക്ഷ അതിനകത്തുതന്നെ കിടക്കുക യില്ലെ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതെ; ജന്മിക്കരം പിരിക്കുന്നതു് ഗവണ്മെൻറു് ഏറുകഴി ഞ്ഞാൽ ആ തീയതിമുതൽ ഈവകുപ്പിനു് ഉത്തരവാദിത്തമില്ല.

The Proposed Section 40 Reads thus:

"Notwithstanding anything contained in the foregoing provisions of this Regulation no payment of any such jenmikaram as is referred to in Section 40 F, with sub-section (1), made otherwise than in accordance with the provisions of that sub-section, shall be deemed to be a valid discharge of the liability to pay such jenmikarams and in respect of such jenmikarams it shall not be lawful for any jenmi to institute any suit under the provisions of Chapter III or for the jenmi or the kudiyan to make any application under the provisions of the same chapter."

പിരിവുഭാരം ഗവണ്മെൻറു് എടുത്തുകഴിഞ്ഞാൽ അപ്പോഴുമുതൽ ജ ന്മിക്കു് വ്യവഹാരംകൊടുക്കുവാനുള്ള അവകാശവും താലൂക്കിൽ അപേ ക്ഷിക്കുവാനുള്ള അവകാശവും നശിച്ചുപോകും. കരംപിരിവു് പ്രവ ത്തിയിൽ വരുത്തുന്നതിനു് കുറെ കാലതാമസം നേരിടും. അതിനകമു ള്ള കരംകിട്ടുന്നതിനെ സംബന്ധിച്ചു് ഏതെങ്കിലും വ്യവസ്ഥവേണം. അതിനാണു് ഈ വ്യവസ്ഥവച്ചിരിക്കുന്നതു്. അതുകഴിഞ്ഞകൌൺ സിൽ സമയത്തു് കാൺഫറൻസ്കൂടി അതിൽ തീരുമാനിച്ച സംഗിത

LIBRARY ARCHIVES Kerala Legislative Assembly

യാണ്, ഈ വകുപ്പുള്ളതുകൊണ്ടു ചിലക്കു ഭയം ഉള്ളതുപോലെ തോന്നുന്നു. ആ ഭയം വേണ്ട. കഴിയുന്നതും വേഗം നടപടികൾ നടത്തണമെന്നു തന്നെയാണ് ഗവൺമെൻറുദ്ദേശിക്കുന്നതു്. അതിനാൽ ജന്മിമെമ്പറന്മാർക്കു ആ ഭയം വേണ്ട. ഈ വകുപ്പു അത്യാവശ്യമാണ്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): The amendment is not seconded.

DEPUTY PRESIDENT: I wanted to make the position of the Sirkar to be made clear. Anybody to second the amendment?

The amendment was lost for want of seconding.

The question that Clause XII do not stand part of the Bill was then put and carried.

The Clause was added to the Bill.

Clause XIII.

MR. S. KRISHNA PILLAI (*Karunagapalli*): Amendment to Section 28, clause (*b*) is also a consequential amendment to the amendment we have made to Section 18. In clause (*d*) it is stated:

> "The entire amount of the jenmikaram and the interest due thereon up to the date and the market value at the current rate of such items as are payable in kind."

Since we have accepted the amendment to section 18, the same sort of amendment may be permitted to be made here also. In the proposed Section 28, clause (*d*) for the words "*market value at the current rate*" substitute the words "*the value at the commutation rates.*" The reason for this is that after the amendment made to Section 18 there shall be nothing payable in kind. After settling the jenmikaram, there is only one thing that the kudiyan can be compelled to pay in kind. That was amended; and it was settled that the kudiyan shall be entitled to pay in money so that hereafter there will be nothing which the kudiyan can be compelled to pay in kind. It would therefore be sufficient if it is stated "*the entire amount of the jenmikaram and the interest due thereon up to date.*"

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): It is stated there that the kudiyan is entitled to pay at the commutation rate. He has got the choice of paying it in kind also and so the kudiyan is not denied the option of paying in kind. So, it is better to have the substitution?

MR. S. KRISHNA PILLAI (*Karunagapalli*): All that is necessitated is to state certain figures. There is no question of any liability to pay or any right to receive. I therefore move that in Section 28, clause (*b*) the words 'the commutation price of such portion of it as is in kind' be substituted for the words 'the market value at the current rates of such items as are payable in kind.'

Sir, this amendment is necessitated by the amendment to Section 18.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I second it.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I have nothing to say.

The amendment was put to vote and declared carried.

The question that Clause XIII as amended do form part of the Bill was put to vote and the Clause as amended was added to the Bill.

Clause XIV.

The following amendment was not made :

MR. A. NARAYANA PILLAI : Section 29; Delete.

MR. S. KRISHNA PILLAI (*Karunagapalli*) : I may be permitted to move an amendment consequent on the amendments moved already to other Sections. I beg to move that the words occurring in Section 29, namely, 'at the current market rates' be deleted.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): I second it.

DEPUTY PRESIDENT: Will it not be desirable to prescribe as to how it should be converted into money? You simply say 'paid in money.' Well, it must be under some other provision of the Regulation or you will have to fix the rate.

MR. S. KRISHNA PILLAI (*Karunagapalli*): Section 28 is referred to in that Section itself.

MR. A. THANU PILLAI (*Trivandrum*): May I know the amendment that is before the House?

DEPUTY PRESIDENT : Mr. Krishna Pillai's amendment is to delete the word 'at the current market rates' at the end of Section 29.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : With the permission of the Chair, I would like to make a suggestion. Along with the Bill there is a printed paper which contains the Regulation with the amendments incorporated. That would be misleading. The Bill itself is there and Clause XIV of the Bill reads thus :

> "In Section 29 of the said Regulation, (*a*) for the word 'Michavaram' the word 'jenmikaram' shall be substituted in both the places where it occurs, and (*b*) before the word 'market' the words 'the current' shall be inserted."

It is clause (*b*) that has now to be amended. And the amendment should be in this form—

> "for sub-clause (*b*) of Clause XIV substitute the following :— Omit the words '*at market rates*' "

MR. A. THANU PILLAI (*Trivandrum*) : In the Bill how does sub-clause (*b*) read?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) :

> Before the word 'market' the words 'the current' shall be inserted.

DEPUTY PRESIDENT : Mr. Krishna Pillai, do you accept that suggestion?

MR. S. KRISHNA PILLAI (*Karunagapalli*) : Yes.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : I second it.

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and declared carried.

The question that Clause XIV as amended do form part of the Bill was put and carried and the Clause as amended was added to the Bill.

Clause XV.

MR. A. NARAYANA PILLAI (*Vaikam*) : ജന്മിക്കരം സംബന്ധിച്ചുള്ള രജിസ്റ്റർതയ്യാറാക്കുന്നതുവരെയുള്ള സമയത്തേക്കു മാത്രമേ ഈ വകുപ്പുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു എന്നു ലാമെമ്പർ ഇവിടെപ്രസ്താവിച്ചിട്ടുള്ളതിനാൽ എന്റെ അമൻറുമെൻറിനെ ഞാൻ അവതരിപ്പിക്കുന്നില്ല.

The question that Clauses XV, XVI XVII and XVIII do form part of the Bill was put and carried. The clauses were added to the Bill.

Clause XIX.

The following amendment was not made :—

MR. A. NARAYANA PILLAI (*Vaikam*): Section 40.

Delete.

The question that Clause XIX do form part of the Bill was put and carried. The Clause was added to the Bill.

Clause XX.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I have given notice of amendments in regard to Clause XX. ക്ളാസ്സ് XXയെപ്പറ്റി ഞാൻ അമൻറുമെൻറ് നോട്ടീസുകൊടുത്തിട്ടുണ്ട്. ജന്മിമെമ്പക്കു അതുനെപ്പറ്റി അമൻറുമെൻറ് കൊടുക്കണമെന്നുണ്ടെങ്കിൽ അതു ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നില്ല. പിന്നെ ഒരു സമയത്തേക്കു മാറ്റിവയ്ക്കാം. സക്കാർതന്നെ പിരിച്ചുകൊടുക്കണമെന്നാണു അഭിപ്രായമെങ്കിൽ ഞാൻ ഇപ്പോൾതന്നെ ഈ അമൻറുമെൻറിനെ അവതരിപ്പിക്കാം.

MR. C.N. TUPPAN NAMPUTIRIPAD (*Jenmies*): ഞങ്ങൾക്കു ആ ഭാഗത്തെപ്പറ്റിഒന്നും പറയാനില്ല. ഇതിനെപ്പറ്റിയുള്ള അഭിപ്രായങ്ങളെല്ലാംകൂടി ര ാ എ. വകുപ്പു വരുമ്പോൾ പറയാമെന്നു വിചാരിച്ചിരിക്കുകയാണു്. അതിനെപ്പറ്റി ആലോചിച്ചു അമൻറുമെൻറ് അയക്കുന്നതിനു് സമയം വേണമെന്നു് ഞാൻഅഭിപ്രായപ്പെടുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതുവരെ ഈ അമൻറുമെൻറ് മാറ്റിവയ്ക്കണമെന്നു അഭിപ്രായമുണ്ടെങ്കിൽ അങ്ങിനെചെയ്യാം. അമൻറുമെൻറ് ഉടൻ അയക്കണം. അതിനെപ്പറ്റി ഏതുക്കക്ഷിയോ കൗണ്ടർ അമൻറുമെറ് കൊണ്ടുവരികയോ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ അമൻറുമെൻറ് അയക്കാൻ സാധിക്കുന്നതാണൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ അമൻറുമെൻറ് അയക്കാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ അമൻറുമെൻറ് ഇവിടെ അവതരിപ്പിക്കുന്നില്ലെ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അവതരിപ്പിക്കുന്നുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അമൻറുമെൻറിന് പേറെ അമൻറുമെൻറ് അയക്കണമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെ അയക്കാൻ അവകാശമുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ അയക്കുന്നു എങ്കിൽ അതിനു നോട്ടീസ് തരേണ്ടതാണ്. എന്നാൽ മാത്രമെ ർ o A മുതൽ N വരെയുള്ള വകുപ്പുകൾക്കു ശരിയായ ഒരഭിപ്രായം പറയാൻ സാധിക്കുകയുള്ളു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതിനെപ്പറ്റി അമൻറുമെൻറു ഉണ്ടെങ്കിൽ അയക്കണം. അതിനുവേണ്ടി മാറ്റിവയ്ക്കണമെന്നാണൊ പറയുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നാളെത്തന്നെ അമൻറുമെൻറു അയച്ചുകൊള്ളാം.

MR. KAYALAM PARAMESVARN PILLAI (*Additional Head Sirkar Vakil*): അതിനാൽ മാറ്റണമെന്നാണൊ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ.

DEPUTY PRESIDENT: As the Jenmi members observe that they want to send up amendments to Section 40 and as it seems to me that as this prayer has to be allowed, this being one of the important Sections of the Bill, we may adjourn the business for the day.

The Council adjourned at 4-35 P. M.

A. KUMARA PILLAI,
Secretary to the Legislative Council

LIBRARY ARCHIVES Kerala Legislative Assembly